നൂൽവിതരണം

*ക്ഷ ൦൪ (൨൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി അടിയിൽകാണിക്കുന്ന ചോദ്യങ്ങൾക്കു ദയവു മറുപടി നൽകുമോ?

(എ) ഓരോ വ്യവസായിക്കും ഒരിക്കൽ കൊടുക്കുന്ന നൂൽകൊണ്ടുണ്ടാക്കുന്ന തുണിയോ വലയോ തിരിച്ചേല്പിച്ചതിനുശേഷമേ വീണ്ടും നൂൽ കൊടുക്കാവൂ എന്നടിസ്ഥാനത്തിൽ നൂൽ വിതരണം നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം സംഘടനകൾ ഇതുസംബന്ധിച്ചു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(സി) കൊല്ലം താലൂക്കു കോസ്റ്റൽ ഡെവലപ്പ്മെൻറ് സഹകരണസംഘം ഇതുസംബന്ധിച്ചു രണ്ടപേക്ഷകൾ അയച്ചിട്ടുണ്ടോ;

(ഡി) അവയിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും, ക്ഷീരവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര)

(എ) നൂൽ എടുത്തിട്ടു തുണി തിരിയെ കൊടുക്കുന്നതിനുള്ള ഒരു പദ്ധതിയെ പരിഗണിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയോഗിച്ചിരിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടു അനുസരിച്ചു ശ്രീമൂലം കൈത്തറി വ്യവസായ സഹകരണസംഘത്തിനു ൫൦ ബയിലും, കൊച്ചിൻ കടൽവ്യവസായസംഘത്തിനു ൧൦ ബയിലും കൊടുക്കുന്നതിനു അനുവദിച്ചിട്ടുണ്ട്. നൂൽ എടുത്തു വല തിരിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതി കൊല്ലം ഡവലപ്പുമെൻറ് സഹകരണസംഘം പ്രസിഡൻറ് സമർപ്പിച്ചിട്ടുണ്ട്. അതു ഗവൺമെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു.

(ബി) ശ്രീമൂലം കൈത്തറിനെയ്ത്തു വ്യവസായസഹകരണസംഘം, കൊല്ലംതാലൂക്കു ഫാൻറ്ലും വീവേഴ്സ് യൂണിയൻ, കൊല്ലം ഡെവലപ്പ്മെൻറ് സഹകരണസംഘം മുതലായവ. ഒടുവിൽ പറഞ്ഞ സംഘടന നൂൽ എടുത്തു വല തിരിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയാണു സമർപ്പിച്ചിട്ടുള്ളതു.

(സി) ഉണ്ടു.

(ഡി) അവ ഗവൺമെൻറിൻറെ പരിഗണനയിൽ ഇരിക്കുകയാണു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ പദ്ധതി സമർപ്പിച്ചിട്ടു എത്ര കാലമായി എന്നു പറയാമോ?

ശ്രീ. കെ. എം. കോര: പദ്ധതി സമർപ്പിച്ചതിൻറെ സൂക്ഷ്മം ഡേറ്റു അറിയണമെങ്കിൽ അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: കൊല്ലം ഡെവലപ്പുമെൻറ് സഹകരണസംഘം സമർപ്പിച്ച പദ്ധതിയനുസരിച്ചു അവരെ എന്തെങ്കിലും ഏല്പിക്കുകയുണ്ടായോ?

ശ്രീ. കെ. എം. കോര: അതിനെസംബന്ധിച്ചുള്ള സംഗതികളെല്ലാം ഗവൺമെൻറിൻറെ പരിഗണനയിലിരിക്കുകയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

12 Noon

Reference to the Death of Sri. T. K. Velu Pillai

മിസ്റ്റർ സ്പീക്കർ: സഭയുടെ അടുത്ത പരിപാടിയിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി ഒരു സംഗതി സഭയെ അറിയിക്കുവാനുണ്ടു. തിരുവിതാംകൂർ നിയമസഭയിലെ ഡെപ്യൂട്ടി പ്രസിഡൻറായിരുന്ന ശ്രീമാൻ സഭാസ്യതിലകൻ

LIBRARY ARCHIVES Kerala Legislative Assembly

ടി. കെ. വേലുപ്പിള്ള അവർകൾ ൭൦-ാമത്തെ വയസ്സിൽ ഇന്നലെ രാത്രി ഒരു മണിക്കു് ചരമംപ്രാപിച്ചതായി അറിവുകിട്ടിയിരിക്കുന്നു. അദ്ദേഹം പഴയ ശ്രീമൂലം പ്രജാസഭയിലും, തിരുവിതാംകൂർ നിയമസഭയിലും വളരെക്കാലം ഒരു പ്രമുഖാംഗമായിരുന്നതു കൂടാതെ തിരുവിതാംകൂർ നിയമസഭയിലെ ഒന്നാമത്തെ തിരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡണ്ടും ആയിരുന്നു. വിദ്യാഭ്യാസാനന്തരം രണ്ടുകൊല്ലം സർക്കാർ സർവ്വീസിൽ പ്രവേശിച്ചു് ജോലി നോക്കിയശേഷം ആ സർവ്വീസിൽനിന്നും രാജിവച്ചു പിരിഞ്ഞു് അദ്ദേഹം തിരുവിതാംകൂർ ഹൈക്കോടതിയിൽ അഭിഭാഷകനായി. ഉത്തമനായ ഒരു അഭിഭാഷകനും, നിയമസഭാംഗവും, എന്ന നിലകളിൽ മാത്രമല്ല അദ്ദേഹം പ്രശസ്തനായിരുന്നതു്. യൂണിവേഴ്സിറ്റി കമ്മറ്റി, എക്കണാമിക്സ് ഡവലപ്പുമെൻറ് ബോർഡ് മുതലായ പല സമിതികളിലും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. തിരുവനന്തപുരം ലാക്കാളേജിൽ പ്രഫസറായും, യൂണിവേഴ്സിറ്റി സെനറ്റംഗമെമ്പറായും അദ്ദേഹം സ്തുത്യർഹമാംവണ്ണം സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. അദ്ദേഹം ലാകാളേജിൽ പ്രഫസറായിരുന്നപ്പോൾ ഞാൻ ലാകാളേജിൽ ഒരു വിദ്യാർത്ഥിയായിരിക്കുകയും അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളെപ്പറ്റി എനിക്കു നേരിട്ടറിയുവാൻ സാധിക്കയും ചെയ്തിട്ടുണ്ടു്. അദ്ദേഹം ഒരു ഒന്നാംകിടയിലുള്ള സാഹിത്യകാരനും ആയിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റമാന്വൽ പരിഷ്കരിച്ചെഴുതിയതു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വൈശിഷ്ട്യം പരിഗണിച്ചു് സദസ്യതിലകൻ എന്ന ബഹുമതി തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു അദ്ദേഹത്തിനു നൽകുകയുണ്ടായി. ആത്മാർത്ഥമായി രാജ്യസേവനം അനുഷ്ഠിച്ചിട്ടുള്ള ഉത്തമപുരുഷന്മാരുടെ ഇടയിൽ അദ്ദേഹത്തിനു അദ്വിതീയമായ ഒരു സ്ഥാനം സിദ്ധിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സഭക്കുണ്ടായിട്ടുള്ള നഷ്ടവും ഖേദവും രേഖപ്പെടുത്തുകയും നമ്മുടെ സഹതാപം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ അറിയിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമ മാത്രമാകുന്നു. പരേതനോടുള്ള ബഹുമാനസൂചകമായി സഭ അല്പനേരം എഴുന്നേറ്റുനിന്നു നമ്മുടെ സഹതാപം രേഖപ്പെടുത്തുന്നതു യുക്തമായിരിക്കും.

Accordingly all the Members stood in silence for a minute.

Adjournment Motion regarding export of yarn by the Alagappa Corporation

Mr Speaker: I have received notice of an adjournment motion tabled by Mr. N. D. Jose intimating his intention to move for the adjournment of the business of the House to discuss a matter of urgent public importance, namely, the removal from the State, with the permission of the Department concerned, more than 200 bales of cotton yarn of 60 counts for free sale outside by the "Alagappa Corporation, Ltd., Madras," when the weavers in the State are put to great difficulties for want of 60 counts yarn at fair price.

Has the hon. Minister anything to say on that?

Sri. K. M. Korah: I got notice of this motion only a few minutes before eleven and as such I am sorry I am not in possession of all facts. I will try to get all the necessary facts in the course of a day or two and as such I would submit that the consideration of this motion may be taken up on Saturday.

Mr. Speaker: It can be taken up for consideration next Saturday and by that time, I hope the hon. Minister will be able to supply the information necessary.

Sri. Ponnara G. Sreedhar: Will the hon. Minister be kind enough to see that in the meanwhile the yarn will not be taken out of the State?

LIBRARY ARCHIVES Kerala Legislative Assembly